(ഇ) വ്യാജ ലെറ്റർഹെഡും, സീലും ഉണ്ടാക്കി ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ അട്ടിമറിക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശനമായ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (ഇ) വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദേശരാജ്യങ്ങളിലെ ധനകാര്യ ഏജൻസികളുമായി സാമ്പത്തിക ഇടപാടുകൾ

19 [1490] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം വിദേശ രാജ്യങ്ങളിലെ ധനകാര്യ ഏജൻസികളുമായി വികസന പദ്ധതികൾക്ക് സാമ്പത്തിക ഇടപാടുകൾ ഉറപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ ഓരോ പദ്ധതികൾക്കും ലഭ്യമാക്കിയിട്ടുള്ള തുകയും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കരാറുകളുടെ തുടർച്ചയായി ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഓരോ ഘട്ടത്തിലെയും പുരോഗതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വിലയിരുത്തലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു

ശ്രീമതി വി. കമലാക്ഷി മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷ

20 [1491] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹോദരൻ സർവീസിലിരിക്കെ മരണപ്പെട്ടതിനെ തുടർന്ന് ലഭിച്ച സമാശ്വാസ തൊഴിലവസരത്തിനായി മകൾ പ്രിയയെ അപേക്ഷിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കാസറഗോഡ് ജില്ലയിലെ ശ്രീമതി വി. കമലാക്ഷി, വൈക്കത്തുവീട്, തെക്കുംപാട്, എളംബച്ചി പി. ഒ., മുഖ്യമന്ത്രിക്കു നൽകിയ അപേക്ഷയിൻമേലുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശ്രീമതി കമലാക്ഷിയുടെ ആശ്രിത നിയമനത്തിനായുള്ള അപേക്ഷ 17-12-1987-ലെ ജി.ഒ. (പി) നം. 34/87/ഉഭപവ. പ്രകാരമാണ് നിയമനാനുമതി ആയിട്ടുള്ളതെങ്കിലും ശ്രീമതി കമലാക്ഷിയുടെ അപേക്ഷപിൻവലിച്ചു ടിയാളുടെ മകൾ പ്രിയക്ക് ആശ്രിത നിയമനം നൽകണമെന്ന ആവശ്യം ജി.ഒ. (പി) നം. 12/99/ഉഭപവ. തീയതി 24-5-99-ലെ ഉത്തരവു പ്രകാരം മാത്രമേ പരിശോധിക്കാനാകുകയുള്ള. ടി ഉത്തരവു പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ അനന്തിരവൾക്ക് ആശ്രിത നിയമന പദ്ധതിയുടെ ആനുകൂല്യത്തിനർഹതയില്ല. ആയതിനാൽ ടിയാളുടെ മകൾ പ്രിയക്ക് ആശ്രിത നിയമനത്തിനായി അപേക്ഷിക്കാൻ നിലവിലുള്ള നിയമപ്രകാരം അർഹതയില്ല. പ്രസ്തുത വിവരം അപേക്ഷകയെ അറിയിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

മരുതക്കുടി കൗണ്ടറുടെ സർവെ നംപർ 372-ൽ പെട്ട ഭൂമി

21 [1492] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ വില്ലേജിലെ മരുതക്കുടി കൗണ്ടറുടെ സർവെ നംപർ 372-ൽ പെട്ട ഭൂമി എത്ര പേർക്ക് പതിച്ചു നൽകിട്ടുണ്ട്;

(ബി) ഇങ്ങനെ നാല് സെന്റ് ഭൂമി വീതം നൽകപ്പെട്ടവർക്ക് ഇതുവരെയും അത് അളന്ന് തിട്ടപ്പെടുത്തിക്കൊടുത്തില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുവരെയും അളന്ന് നൽകാത്തത് എന്തു കൊണ്ട് എന്ന് അറിയിക്കുമോ;

(ഡി) ഇത് എന്നത്തേക്ക് അളന്ന് തിട്ടപ്പെടുത്തി കൊടുക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 64 പേർക്ക്.

(ബി) ഉണ്ട്.

(സി) & (ഡി) നിർദ്ദിഷ്ട ഭൂമി 81 പേർക്ക് പതിച്ചു നൽകുന്നതിന് പ്ലോട്ടുകളായി തിരിച്ച് ആയതിൽ, ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയ 64 പേർക്ക് ഭൂമി അളന്ന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 17 പേർ ക്രയവില ഒടുക്കാത്തതിനാൽ ഭൂമി അളന്ന് നൽകിയിട്ടില്ല. ക്രയവില ഒടുക്കുന്ന മുറയ്ക്ക് ഭൂമി ടി 17 പേർക്കും അളന്ന് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly